# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1197 — 04.11.2014 -ലെ മറുപടിയ്ക്ക്

## കോഴിക്കോട് സർവ്വകലാശാലയിലെ പ്രക്ഷോഭം


ചോദ്യം

ശ്രീ. പി.ശ്രീരാമകൃഷ്ണൻ
ശ്രീ. കെ.ദാസൻ
ശ്രീ. ആർ. രാജേഷ്
ശ്രീ. എ.പ്രദീപ്കുമാർ

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാലയിൽ എസ്.എഫ്.ഐ യുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിദ്യാർത്ഥി പ്രക്ഷോഭം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | വിദ്യാർത്ഥി പ്രക്ഷോഭം സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിരുന്നോ; സർക്കാർ ഈ വിഷയത്തിൽ ഇടപെടുകയുണ്ടായോ; ഈ വിഷയത്തിൽ കൈക്കൊണ്ട തീരുമാനം എന്തെന്ന് വിശദമാക്കാമോ; | (ബി) (ഇ) & (ജി) | കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരവും വൈസ് ചാൻസലറും സിൻഡിക്കേറ്റും തമ്മിലുള്ള പ്രശനങ്ങളും സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 28.10.2014 ൽ ബഹു. മുഖ്യമന്ത്രി, വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, സർവ്വകലാ ശാലയുടെ അഭ്യുദയകാംക്ഷികളും മദ്ധ്യസ്ഥരുമായവർ എന്നിവരുടെ ഒരു യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പ്രശ്നങ്ങൾ വിശദമായി ചർച്ചചെയ്യുകയും സമരത്തിനാധാരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി.<br>1. വിദ്യാർത്ഥികളുടെ ഫെലോഷിപ്പുകൾ 04.11.2014 നകം നൽകണം. ഇല്ലെങ്കിൽ ഇതിനുത്തരവാദികളായവർക്കെതിരെ വൈസ് ചാൻസലർ നടപടിയെടുക്കണം. |

| | | | |
|---|---|---|---|
| | | | 2. അധ്യാപകരുടെ കുടിശ്ശിക അടിയന്തിരമായി വിതരണം ചെയ്യുകയും പ്രൊമോഷനും മറ്റ് പ്രശ്നങ്ങളും സംബന്ധിച്ച് അടിയന്തിരമായി പരിഹാരം കാണുകയും വേണം.<br>3. ഹോസ്റ്റൽ നിർമ്മാണം ഉടനെ ആരംഭിക്കണം.<br>4. കായിക വിദ്യാർത്ഥികളെ ഗസ്റ്റ് ഹൗസിൽ താമസിപ്പിക്കുകയും കോമൺ മെസ് സൗകര്യം ഉപയോഗപ്പെടുത്തുകയും ചെയ്യണം.<br>5. വിദ്യാഭ്യാസ വകുപ്പ് മന്ത്രി, സ്ഥിതിഗതികൾ മാസത്തിലൊരിക്കൽ അവലോകനം ചെയ്യണം.<br>ഈ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ നിർമ്മാണത്തിനു വേണ്ടി സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസലിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തണമെന്ന ആവശ്യത്തോട് വൈസ് ചാൻസലർ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നതാണ് സമരം തുടരുന്നതിന് പ്രധാന കാരണമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തണമെന്ന ആവശ്യത്തോട് വൈസ്ചാൻസലർ നിഷേധാത്മകമായ സമീപനമല്ല സ്വീകരിക്കുന്നത് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ഡി) | സ്ഥലപരിമിതി മൂലം വീർപ്പുമുട്ടുന്ന റഗുലർ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലേക്ക്, സ്വാശ്രയ വിഭാഗം കായിക വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള സർവ്വകലാശാല അധികൃതരുടെ തീരുമാനം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (ഡി) | കായിക വിദ്യാർത്ഥികൾക്ക് അവരുടെ സമയക്രമം അനുസരിച്ച് അതിരാവിലെ മുതൽ വൈകുന്നേരം വരെ പരിശീലനം നടക്കുന്നതിനാൽ ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് കാമ്പസിൽ താമസ സൗകര്യം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായാണ് സർവ്വകലാശാല കാണുന്നത്. |

| | | | |
|---|---|---|---|
| (ഇ) | സർവ്വകലാശാല കാമ്പസ് ഹോസ്റ്റലുകളിലെ ശോച്യാവസ്ഥ സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ; സർക്കാർ ഈ വിഷയത്തിൽ ഇടപെടുകയുണ്ടായോ; ഈ വിഷയത്തിൽ കൈക്കൊണ്ട നടപടി എന്താണെന്ന് വിശദമാക്കാമോ; | (ഇ) | 'ബി' പിരിവ് കാണുക |
| (എഫ്) | സ്വാശ്രയ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്ന സർവ്വകലാശാല ഈ ഫണ്ട് ഉപയോഗിച്ച് അവർക്ക് ഹോസ്റ്റൽ പണിയുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എഫ്) | സർവ്വകലാശാലയുടെ മുഖ്യ വരുമാന മാർഗ്ഗങ്ങളിലൊന്നാണ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ഫീസ് കായിക മേഖലക്കായി 3.7 കോടി രൂപ ചെലവിൽ സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് കൈക്കൊള്ളുകയും പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം സി.പി.ഡബ്ലിയു. ഡി. യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ജി) | ഹോസ്റ്റൽ പ്രവേശനം സംബന്ധിച്ച പ്രശ്നത്തിൽ സർവ്വകലാശാല കാമ്പസിലെ വിദ്യാർത്ഥികളെ തമ്മിലടിപ്പിക്കുന്ന വിധം തീരുമാനം കൈക്കൊണ്ട വൈസ് ചാൻസലറുടെ നടപടി തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | 'ബി' പിരിവ് കാണുക |

സെക്ഷൻ ഓഫീസർ